# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2210 — 10.10.2011 ൽ മറുപടിക്ക്

## ചരക്കുഗതാഗത മേഖലയിലെ പ്രശ്നങ്ങൾ

**ചോദ്യം**
ശ്രീ. എം. ചന്ദ്രൻ

**ഉത്തരം**
ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്തെ ചരക്കുഗതാഗത മേഖലയിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചരക്കു വാഹനങ്ങളിൽ അമിതഭാരം കയറ്റി വരുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാനും അത്തരം നിയമലംഘനങ്ങൾ കുറച്ചു കൊണ്ടു വരുന്നതിനും ചെക്ക്പോസ്റ്റുകളിൽ വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റോഡ് മാർഗ്ഗം ഉള്ള ചരക്കു നീക്കം വഴി റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് തടയുന്നതിനായി മൾട്ടി ആക്സിൽ ചരക്കു വാഹനങ്ങൾക്ക് നികുതിയിനത്തിൽ ഇളവും നൽകി വരുന്നു. ചരക്കു വാഹനങ്ങൾക്ക് സ്റ്റേറ്റ് പെർമിറ്റും നാഷണൽ പെർമിറ്റും നൽകുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. ഇത് റോഡു മാർഗ്ഗം ഉള്ള ചരക്കു നീക്കത്തിന് സഹായകരമായിട്ടുണ്ട്.

(ബി) ചരക്കുഗതാഗത നിയന്ത്രണ അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ